LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ജൂലായ് 25, വെള്ളി

നിയമസഭ 2003 ജൂലായ് മാസം 25-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

i. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മിസ്റ്റർ സ്പീക്കർ : ഓർഡർ..... ഓർഡർ.....ചോദ്യം നമ്പർ 708.....

രജിസ്ട്രേഷൻ പുതുക്കുന്നതിന് സൗകര്യം നൽകാൻ നടപടി

1 (*708) ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്ത വ്യത്യസ്ത കാരണങ്ങളാൽ പുതുക്കാൻ കഴിയാതെപോയ തൊഴിൽരഹിതരുടെ വിഷമസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാത്തവർക്ക് ഇത് പുതുക്കുന്നതിനുള്ള അവസരം നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ പുതുക്കുന്നതിന് എത്ര തവണ പ്രത്യേകാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ

(എ & ബി) ഉണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തശേഷം വ്യത്യസ്ഥ കാരണങ്ങളാൽ പുതുക്കാൻ കഴിയാതെ പോയവരുടെ വിഷമസ്ഥിതി പരിഹരിക്കുന്നതിനായി 1-1-1995 മുതൽ റദ്ദായിപ്പോയ രജിസ്ട്രേഷനുകൾ പുനഃസ്ഥാപിക്കുന്നതിനുവേണ്ടി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റദ്ദായിപ്പോയ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള പ്രത്യേക അനുമതി 2001-ലും 2003-വുമായി രണ്ടു പ്രാവശ്യം നൽകിയിട്ടുണ്ട്.

ശ്രീ. എ. എൻ. രാജൻ ബാബു : സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് ഉദ്യോഗാർത്ഥികളെ ശുപാർശചെയ്യുമ്പോൾ സീനിയോറിറ്റി മറികടക്കുന്നതായി പരക്കെ പരാതികൾ ഉണ്ടാകാറുണ്ട് അത് ഒഴിവാക്കുന്നതിനുവേണ്ടിയും സുതാര്യമാക്കുന്നതിനു വേണ്ടിയും കംപ്യൂട്ടർ വൽക്കരണവും ഇവബ്സൈറ്റും തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പൂർണ്ണമായി കംപ്യൂട്ടർവൽക്കരിക്കുന്നതിനു വേണ്ടിയിട്ടുള്ള ഒരു പദ്ധതിയുമായിട്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഈ വർഷം തിരുവനന്തപുരത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; അടുത്തവർഷം കൊല്ലം ജില്ലയിലും അങ്ങനെ ഓരോ ജില്ലയിലായി പൂർണ്ണമായി കമ്പ്യൂട്ടർ വൽക്കരിക്കാനുള്ള പദ്ധതിയുമായിട്ടാണ് മുന്നോട്ടുപോകുന്നത്. എവിടെയെങ്കിലും സീനിയോറിറ്റി മറികടക്കുന്നതായി ശ്രദ്ധയിൽപ്പെടുത്തിയാൽ അത് പരിശോധിക്കാം.

ശ്രീ. എ. എൻ. രാജൻ ബാബു : സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മറ്റ് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് ?

ശ്രീ. ബാബു ദിവാകരൻ : സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായിട്ടാണ് കമ്പ്യൂട്ടറൈസേഷൻ കൊണ്ടുവന്നത്. പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടറൈസേഷൻ ഇതിനകം പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. കൊല്ലത്തും, എറണാകുളത്തും കോഴിക്കോടുമുള്ള പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർവൽക്കരണം 90, 95 ശതമാനത്തോളം പൂർത്തിയായി. ഇപ്പോൾ തിരുവനന്തപുരത്ത് അത് ഓൺ ലൈൻ ആക്കാൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പോകാതെ തന്നെ അവരവരുടെ വീടുകളിൽ ഇരുന്നുകൊണ്ട് ഓൺ ലൈനിൽ രജിസ്റ്റർ ചെയ്യാനും പുതുക്കാനുമൊക്കെയുള്ള സൗകര്യങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ തന്നെ കംപ്യൂട്ടർവൽക്കരണം പൂർത്തിയാക്കുന്നതോടുകൂടി രജിസ്റ്റേർഡായിട്ടുള്ള, പ്രൊഫഷണലായി ക്വാളിഫിക്കേഷൻ ഉള്ളവരുടെ ഒരു പോർട്ടൽ, ജോലിസാദ്ധ്യതയുള്ള മുഴുവൻ ആളുകളുടെ ഒരു ശേഖരം, അത് ലോകത്ത് ആർക്കും ഉപയോഗിക്കാൻ കഴിയത്തക്കനിലയിൽ ഒരു വെബ് പോർട്ടൽ ഉണ്ടാക്കുന്നതിനെക്കുറിച്ചാണ് ഞങ്ങൾ ആലോചിച്ചു കൊണ്ടിരിക്കുന്നത്.

ശ്രീ. ഉമേഷ് ചള്ളിയിൽ : സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിൽ കാത്തിരിക്കുന്നവർക്ക് ഇപ്പോൾ സർക്കാർ മേഖലയിലുള്ള തൊഴിലുകൾക്ക് മാത്രമേ അവസരമുള്ളൂ, വൻകിട സ്വകാര്യ കമ്പനികളിലും പത്തിൽ കൂടുതൽ തൊഴിലവസരമുള്ള സ്വകാര്യ മേഖലയിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി മാത്രമേ ഒഴിവുകൾ നികത്തപ്പെടുകയുള്ളൂ എന്ന് വ്യവസ്ഥ ചെയ്യുമോ ?

ശ്രീ. ബാബു ദിവാകരൻ : സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സ്ഥാപിക്കുന്ന കാലഘട്ടത്തിൽ ഉണ്ടായിരുന്ന ഒരു കാഴ്ചപ്പാട് പ്രധാനപ്പെട്ട സ്വകാര്യ സ്ഥാപനങ്ങൾ കൂടി ഇത് പ്രയോജനപ്പെടുത്തണമെന്നായിരുന്നു. പക്ഷെ സ്വകാര്യ സ്ഥാപനങ്ങൾ ഇതിനെ ഉപയോഗിക്കുന്നത് പൂർണ്ണമായി ഇപ്പോൾ നിർത്തിക്കൊണ്ടിരിക്കുകയാണ്. സർക്കാർ സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളുമാണ് ഇപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് ആളുകളെ ആവശ്യപ്പെടുന്നത്.

ശ്രീ. ഉമേഷ് ചള്ളിയിൽ : സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവർക്ക് അവരുടെ സീനിയോറിറ്റി, ഇന്റർവ്യൂവിന് വിളിക്കപ്പെടാനുള്ള സാദ്ധ്യത എന്നിവയൊക്കെ അറിയാൻ എക്സ്ചേഞ്ചുകളിൽ എത്തുമ്പോൾ ഉദ്യോഗസ്ഥൻമാരുടെ ദുർമുഖം കണ്ട് മടങ്ങേണ്ട അവസ്ഥയാണുള്ളത്. ഇത് പരിഹരിക്കാൻ സീനിയോറിറ്റി ലിസ്റ്റ് അപേക്ഷകർക്ക് സ്വയം പരിശോധിക്കാനുള്ള അവസരം ലഭ്യമാക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : സർ, ഓരോ കാറ്റഗറിയിലുംപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി ലിസ്റ്റ് ഓരോ വർഷവും, സാദ്ധ്യതയുള്ള അല്ലെങ്കിൽ സീനിയോറിറ്റിയിൽ മുമ്പിൽ നിൽക്കുന്നവരുടെ ഒരു ലിസ്റ്റ് പ്രസിദ്ധീകരിക്കാറുണ്ട്. ആ ലിസ്റ്റിൽ നിന്നായിരിക്കും ആ വർഷത്തേക്കുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്ത് അയയ്ക്കുന്നത്. അതെല്ലാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പ്രസിദ്ധീകരിക്കണമെന്നാണ് വയ്പ്, എവിടെയെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ അത് പരിഹരിക്കാം.

ശ്രീ. ഷിബു ബേബിജോൺ : സർ, 45 ലക്ഷത്തോളം യുവതീ-യുവാക്കൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിലിനുവേണ്ടി കാത്തിരിക്കുമ്പോഴും പല സർക്കാർ വകുപ്പുകളിലും താൽക്കാലിക നിയമനങ്ങൾ ഇവരെ ഒഴിവാക്കിക്കൊണ്ട് നേരിട്ട് നടത്തുകയാണ്. വ്യാപകമായി ഇത് നടക്കുന്നുണ്ട്. ഇവർക്കെതിരെ എന്തു നടപടി ഈ കാലയളവിൽ കൈക്കൊണ്ടിട്ടുണ്ട് എന്ന് വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ : സർ, അങ്ങനെ താൽക്കാലിക നിയമനങ്ങളിൽ ഏർപ്പെടുന്നവരുടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി എടുക്കാത്തവരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഇതിനകം തന്നെ പല വകുപ്പുകളിലും ഇതിനെ സംബന്ധിച്ചിടത്തോളം അവർക്ക് ശക്തമായ താക്കീത് നൽകിക്കൊണ്ടുള്ള കത്തുകൾ അയച്ചുകഴിഞ്ഞിട്ടുണ്ട്. അങ്ങനെയല്ലാതെ കണ്ടുപിടിക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ പ്രോസിക്യൂഷൻ നടപടിയടക്കം സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. ഷിബു ബേബി ജോൺ : സർ, ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് രണ്ടു വർഷത്തോളമായിട്ടും എംപ്ലോയ്മെന്റ് അഡ്വൈസറി കമ്മിറ്റി പുനഃസംഘടിപ്പിക്കാൻ സാധിച്ചിട്ടില്ല. അത് എന്നത്തേക്ക് പുനഃസംഘടിപ്പിക്കും, എന്താണത് വൈകാനുള്ള കാരണം എന്ന് വിശദീകരിക്കാമോ ?

ശ്രീ. ബാബു ദിവാകരൻ : സർ, എംപ്ലോയ്മെന്റ് അഡ്വൈസറി കമ്മിറ്റിയുടെ പ്രവർത്തനം കുറച്ചുകാലങ്ങളായിട്ട് നിലച്ചിരിക്കുകയാണ്. അത് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സത്വരമായി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. കെ. ഷാജു : സർ, ഒരു പരാതിയുണ്ട്, നമ്മൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് പുതുക്കുന്നതിനെ സംബന്ധിച്ച് ചോദ്യം ചോദിച്ച ഈ സമയത്തുതന്നെ ഇന്നലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ഉത്തരവാദപ്പെട്ട ആളുകൾ പത്രസമ്മേളനം നടത്തി, ഇവിടെ ഇന്നുവരുന്ന ചോദ്യത്തിന്റെ ഉത്തരം ഇന്നലെ പ്രഖ്യാപിച്ചു. പത്രങ്ങളിലെല്ലാം വന്നിട്ടുണ്ട്. അതിനെ ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്ന് വരേണ്ട ഉത്തരങ്ങളുടെ വിശദാംശങ്ങൾ ഇന്നലെ പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1995 മുതൽ 2002 വരെ കേരളത്തിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്ര തൊഴിൽ അന്വേഷകരുടെ രജിസ്ട്രേഷൻ റദ്ദായിപ്പോയി എന്നുള്ളത് വിശദീകരിക്കാമോ ?

ശ്രീ. ബാബു ദിവാകരൻ : സർ, എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും രജിസ്ട്രേഷൻ റദ്ദായിപ്പോയവരുടെ കൃത്യമായ കണക്ക് എന്റെ കൈയിൽ ഇപ്പോൾ ലഭ്യമല്ല. പ്രത്യേക നോട്ടീസ് വേണം.

ശ്രീ. കെ. കെ. ഷാജു : ഇന്നലത്തെ മാതൃഭൂമി പത്രത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷൻ പുതുക്കാൻ അവസരം എന്നുപറഞ്ഞിട്ട് ഇന്നത്തെ ചോദ്യത്തിനു വരുന്ന മറുപടിയെല്ലാം വന്നിട്ടുണ്ട്. ഇന്നലെ പത്രത്തിൽ പത്രക്കുറിപ്പായി വന്നിട്ടുണ്ട്.

ശ്രീ. ബാബു ദിവാകരൻ : സർ, ഈ ചോദ്യം ഒക്കെ വരുന്നതിനു മുമ്പുതന്നെ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഉത്തരവ് കൊടുത്തിട്ടുണ്ട്, അത് പത്രത്തിൽ ഇപ്പോൾ വന്നിട്ടുണ്ടാകും, അതല്ലാതെ നമ്മളാരും പത്രസമ്മേളനമൊന്നും നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ഷാജു : സർ, മതിയായ കാരണങ്ങളാൽ രജിസ്ട്രേഷൻ റദ്ദായിപ്പോയവരുടെ രജിസ്ട്രേഷൻ പുതുക്കാൻ നടപടി സ്വീകരിച്ചതിൽ സന്തോഷമുണ്ട്. പക്ഷെ നമ്മുടെ രാജ്യത്തിനകത്തും പുറത്തും ജോലി ലഭിച്ചും, ജോലിതേടിയും പോയവരടക്കം ലക്ഷക്കണക്കിന് ആളുകൾ ഇപ്പോഴും ഈ തൊഴിൽരഹിതരുടെ പട്ടികയിൽ തന്നെ നിലനിൽക്കുകയാണ്. അതുകൊണ്ടു തന്നെ യഥാർത്ഥ തൊഴിൽ അന്വേഷകർ ആരാണ്, എത്രയുണ്ട് എന്ന് കൃത്യമായി കണ്ടെത്താൻ കഴിയുന്നില്ല, അതിന് ഒരു പരിഹാരം കാണുവാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തലത്തിൽ ശാസ്ത്രീയമായി ഒരു പരിശോധന നടത്തി യഥാർത്ഥ തൊഴിലന്വേഷകർ ആരെന്ന് തിട്ടപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. എല്ലാ വർഷങ്ങളിലും ഇങ്ങനെ കുറേയധികം ആളുകൾ രജിസ്ട്രേഷൻ പുതുക്കുന്നുണ്ട്. ഇതിൽ കൃത്യമായി സ്ഥായിയായ തൊഴിലുള്ളവർ എത്ര, തൊഴിൽ ഇല്ലാത്തവർ എത്ര എന്നുള്ളതിനെക്കുറിച്ച് ഒരു പരിശോധന ഈ അടുത്ത കാലത്തൊന്നും നടത്തിയിട്ടില്ല. അങ്ങനെ ഒന്ന് നടത്തുന്നത് ഇതിനെ സംബന്ധിച്ചിടത്തോളം ഇതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സൗകര്യപ്രദമായിരിക്കും എന്നാണ് കരുതുന്നത്.

ശ്രീ.കെ. ബാബു : സർ, ലാസ്റ്റ് ഗ്രേഡ് നിയമനം ഉൾപ്പെടെ ഇപ്പോൾ പി.എസ്.സി. ക്കാണ് പ്രധാന. വളരെയേറെ കാലതാമസം വരുന്നുണ്ട്. അതുകൊണ്ട് ലാസ്റ്റ് ഗ്രേഡ് (സ്വീപ്പർ, പ്യൂൺ) നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം പി.എസ്.സി. യുടെ നോംസ് പാലിച്ചുകൊണ്ട് നടപ്പാക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : സർ, ഇത് ഗൗരവമായി ആലോചിക്കേണ്ട ഒരു സംഗതിയാണ്. ഇന്ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഈ സംവിധാനം വളരെയധികം പെർഫക്ടായിട്ടുള്ളതാണ്. റിസർവേഷൻ അടക്കമുള്ള കാര്യങ്ങളും നോക്കിയാണ് സീനിയോറിറ്റി ലിസ്റ്റും മറ്റുമൊക്കെ അയയ്ക്കുന്നത്. ഇത്തരം ഒരു സംവിധാനം നിലനിൽക്കുമ്പോൾ ഇതേ ജോലികൾ തന്നെയാണ് പബ്ലിക് സർവ്വീസ് കമ്മീഷനും ചെയ്യുന്നത് ; ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് അടക്കമുള്ള കാര്യങ്ങൾ. ഇപ്പോൾ കേന്ദ്ര ഗവൺമെന്റിൽ അങ്ങനെയാണ്, ലാസ്റ്റ് ഗ്രേഡ് സർവ്വന്റിന്റെ നിയമനം എല്ലാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടത്തണമെന്നാണ്. നമ്മുടെ സംസ്ഥാനത്തും അങ്ങനെ ആലോചിക്കാവുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്ന് ഉത്തരം ലഭിക്കുന്നതിനുവേണ്ടി 12 ദിവസം മുമ്പാണ് ചോദ്യങ്ങൾക്കുള്ള നോട്ടീസ് കൊടുക്കുന്നത്. ഇന്നുവരുന്ന ചോദ്യത്തിന് അതേ രീതിയിൽ തന്നെയാണ് ഉദ്യോഗസ്ഥർ പത്രത്തിന് മറുപടിയായിട്ട് കൊടുത്തത്. ഇതു ഗൗരവതരമായിട്ടുള്ള ഒരു പ്രശ്നമാണ്. അങ്ങ് അത് പ്രത്യേകമായിട്ട് പരിശോധിക്കണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ മുൻഗണനാക്രമം അനുസരിച്ചുകൊണ്ടാണ് ആളുകളെ വിളിക്കുന്നത്.

പേര് രജിസ്റ്റർ ചെയ്തതിനുശേഷം വിധവകളാകുന്ന സ്ത്രീകൾ, അംഗവൈകല്യം സംഭവിക്കുന്ന ആളുകൾ അങ്ങനെയുള്ളവർക്ക് ഒരു പ്രത്യേക പരിഗണന കൊടുക്കുന്നതിനുവേണ്ടി തയ്യാറാകുമോ ? ആദ്യം പറഞ്ഞ കാര്യത്തിനും കൂടി രണ്ടിനും കൂടി ഉത്തരം കിട്ടണം.

ശ്രീ. ബാബു ദിവാകരൻ : സർ, പുതുക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഒരുപാട് പരാതികൾ ഉണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. മാരിൽ നിന്നാണ് ഏറ്റവും കൂടുതൽ പരാതികൾ ലഭിക്കുന്നത്. അതിനെ സംബന്ധിച്ച് ഒരു ഫയലിൽ ഞാൻ ഒരാഴ്ചയ്ക്കു മുമ്പാണെന്ന് തോന്നുന്നു ഉത്തരവിട്ടത്. ഈ ചോദ്യവുമായി അതിന് യാതൊരു ബന്ധവുമില്ല. ആ ഫയൽ ഒരു വർഷത്തിലേറെയായി നിൽക്കുന്ന ഒരു ഫയലാണ്. അതിൻമേൽ ഞാൻ ഉത്തരവിട്ടു, ഈ ഡിസംബർ മുതൽ പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കും എന്ന്.

മി. സ്പീക്കർ : അതല്ല ഈ ചോദ്യം കിട്ടിയതിനുശേഷമാണ് ഉത്തരവ് ഇട്ടത് എങ്കിലും നല്ല കാര്യമാണ്.

ശ്രീ. ബാബു ദിവാകരൻ : സർ, അതിനകത്ത് ഒരു അപാകതയും ഇല്ല.

മി. സ്പീക്കർ : നേരത്തെ ചെയ്യേണ്ടിയിരുന്ന ഒരു കാര്യം ചോദ്യം കിട്ടിയപ്പോൾ എങ്കിലും ചെയ്തു എങ്കിൽ നല്ല കാര്യമല്ലേ ?

ശ്രീ. ബാബു ദിവാകരൻ : സർ, വിധവകളുടെയും വികലാംഗരുടെയും കാര്യം ചോദിച്ചു, വികലാംഗർക്കാണെങ്കിൽ പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തന്നെയുണ്ട്. വികലാംഗരെ സംബന്ധിച്ചിടത്തോളം അവരുടെ രജിസ്ട്രേഷനെയും, നിയമനങ്ങളെയും സംബന്ധിച്ച് പ്രത്യേക സംവിധാനം തന്നെയുണ്ട്. വിധവകൾക്ക് ഇതിനകം തന്നെ സീനിയോറിറ്റിയിൽ ഒരു പ്രത്യേക പരിഗണനയുണ്ട്. എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും വിധവകളുടെ പ്രത്യേക സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കാറുണ്ട്.

ശ്രീ. പി. എസ്. സുപാൽ : സർ, നമ്മുടെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ എണ്ണം 42 ലക്ഷം കവിഞ്ഞിരിക്കുകയാണ്. യു.ഡി.എഫ് ഗവൺമെന്റ് 15 ലക്ഷം യുവതീ യുവാക്കൾക്ക് ജോലി നൽകുമെന്നാണ് പ്രകടന പത്രികയിലടക്കം പറഞ്ഞിട്ടുള്ളത്. മന്ത്രി തന്നെ 201 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചു. പ്രത്യേക തൊഴിൽദാന പദ്ധതി. അതിൽ ഒരു രൂപ പോലും ഇതുവരെ ചെലവഴിച്ചിട്ടില്ല. ഈ പദ്ധതി നടപ്പിലാകുമോ ? അതുപോലെ തന്നെ കേരളത്തിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വേണ്ടി മറ്റെന്തെങ്കിലും പദ്ധതികളുണ്ടോ ? അതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് എന്താണ് എന്നറിയാൻ ആഗ്രഹമുണ്ട്.

ശ്രീ. ബാബു ദിവാകരൻ : സർ, 31-3-2000-ലെ കണക്കനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം 36,73,938 ആണ്. ഇത് ഓരോ വർഷം കഴിയുന്തോറും ഏറിയും കുറഞ്ഞും

LIBRARY ARCHIVES Kerala Legislative Assembly

ഇരിക്കും. ചിലപ്പോൾ ഒരു വർഷം കുറച്ചു കൂടും. ഒരു വർഷം കുറച്ചു കുറയും അങ്ങനെ ഏകദേശം 35 ലക്ഷത്തിനും 40 ലക്ഷത്തിനും ഇടയ്ക്ക് ഇങ്ങനെ പൊയ്ക്കൊണ്ടിരിക്കുകയാണ്. പ്രത്യേകമായി തൊഴിൽ നൽകുന്ന പദ്ധതി ഇതിനകത്ത് നമുക്കുള്ളത് ഏതെങ്കിലും ടെമ്പററി എംപ്ലോയ്മെന്റാണ്. അതുപോലെ കേന്ദ്ര ഗവൺമെന്റിൽ ലാസ്റ്റ് ഗ്രേഡ് എംപ്ലോയ്മെന്റ് മാത്രമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്ന് സ്ഥായിയായി ജോലി കിട്ടുന്നവർ ഇന്നു വളരെ പരിമിതമായിരിക്കുന്നു. 201 കോടി രൂപയുടെ പദ്ധതി കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നതാണ്. അതിന്റെ പദ്ധതികൾ തയ്യാറാക്കി അതിന്റെ അവസാന ഘട്ടത്തിലെത്തിയപ്പോൾ അത് പ്രായോഗികമായി നടപ്പിലാക്കുന്നതിനുള്ള ചില തടസ്സങ്ങളുണ്ടായി. ഈ വർഷം നടപ്പാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിന്റെ നടപടികളുമായി മുന്നോട്ടു പോകുകയാണ്.

ശ്രീ. അടൂർ പ്രകാശ് : സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ആൾക്കാർക്ക് പുതുക്കുന്നതിന് പലപ്പോഴും പല ബുദ്ധിമുട്ടുകളും, പ്രത്യേകിച്ച് മലയോര പ്രദേശങ്ങളിലൊക്കെയുള്ള ചെറുപ്പക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുകളും പ്രയാസങ്ങളും നേരിട്ടിട്ടുണ്ട്. അത്തരം മേഖലകൾ, ഇപ്പോൾ എന്റെ പ്രദേശത്തുതന്നെ 45, 50 കിലോമീറ്റർ യാത്ര ചെയ്തു വേണം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യാനാണെങ്കിലും അത് പുതുക്കുന്നതിനാണെങ്കിലും എത്തിച്ചേരാൻ അത്തരം മേഖലകളിൽ റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തുടങ്ങാൻ ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സംബന്ധിച്ചിടത്തോളം ദേശീയ കാഴ്ചപ്പാടാണ് ഈ കാര്യത്തിലുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ കൂടി നയത്തിന്റെ ഭാഗമാണ് ഇത്. ഒരു താലൂക്കിൽ ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നാണ് നോം. നമ്മുടെ സംസ്ഥാനത്ത് ഒരു താലൂക്കിൽ ഒരു എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് എന്നുള്ള നോം പൂർത്തിയായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഒന്നിലേറെ (രണ്ടും, മൂന്നും) എക്സ്ചേഞ്ചുകളുള്ള താലൂക്കുകളുമുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതു സംബന്ധിച്ചും കൂടുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആരംഭിക്കുന്നത് സംബന്ധിച്ചും ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നു കൊണ്ടു തന്നെ പരിശോധിക്കുന്നതാണ്. അതിന് സാദ്ധ്യതകളുള്ള താലൂക്കുകളിൽ ഇപ്പോൾ കൊടുത്തിട്ടുണ്ട്. കഴിഞ്ഞ വർഷംതന്നെ കടയ്ക്കലിൽ ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കൊടുത്തിട്ടുണ്ട്. പുതിയത് കൊടുക്കുന്നതിനെ സംബന്ധിച്ച് അതിന്റെ സാധ്യത ശക്തമായുള്ള സ്ഥലങ്ങൾ പരിശോധിക്കാവുന്നതാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന വികലാംഗ. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്ക് നൽകി വരുന്ന സാമ്പത്തിക ധന സഹായം കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് നിർത്തിയതായി അറിയാൻ സാധിച്ചിട്ടുണ്ട്. വികലാംഗർക്കു വേണ്ടിയുള്ള സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വലിയ അനുഗ്രഹമാണെന്നിരിക്കെ സംസ്ഥാന ഗവൺമെന്റ് സാമ്പത്തിക സഹായം നൽകി ഈ എക്സ്ചേഞ്ചുകൾ നിലനിർത്തുന്നതിന് ആവശ്യമായ നടപടികൾ ദയവായി സ്വീകരിക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : സർ, വികലാംഗർക്കുവേണ്ടിയുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കഴിഞ്ഞ പഞ്ച വത്സരപദ്ധതിയിലെ ഒരു പ്രത്യേക സ്കീം ആയിരുന്നു. അതിന്റെ ചിലവ് 80% കേന്ദ്ര ഗവൺമെന്റും 20% സംസ്ഥാന ഗവൺമെന്റുമാണ് വഹിക്കുന്നത്. പുതിയ പഞ്ചവത്സര പദ്ധതിയിൽ ഈ പദ്ധതി ഉൾപ്പെടുത്തിയിട്ടില്ല എന്നുള്ളതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ സഹായം ഇപ്പോൾ നിലച്ചിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് അത് നോൺ പ്ലാനിൽ ഉൾപ്പെടുത്തിമുന്നോട്ടു പോകുന്നതിനെ സംബന്ധിച്ചിടത്തോളം ഗൗരവമായ പരിഗണനയിലാണ്. അതിപ്പോൾ ധനകാര്യ വകുപ്പ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ഇപ്പോൾ നിലനിൽക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നിലനിർത്തിക്കൊണ്ടുപോകാൻ കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

ശ്രീ. എം. വി. ജയരാജൻ : സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഒഴിവുകൾ നിർബന്ധപൂർവ്വം പരസ്യപ്പെടുത്തുന്നത് സംബന്ധിച്ച് 1959 -ലെ ഒരു ആക്റ്റ് ഉണ്ട്. ആ ആക്റ്റിൽ തന്നെ പറയുന്നത് ഒഴിവുകൾ ഉണ്ടാകുമ്പോൾ അറിയപ്പെടുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിർബന്ധപൂർവ്വം അറിയിക്കുവാൻ വ്യവസ്ഥചെയ്യുന്ന ആക്റ്റ് എന്നാണ്. ഇതു നമ്മുടെ തൊഴിൽ രഹിതരായ ആളുകൾക്ക് പ്രയോജനപ്പെടും വിധത്തിൽ മാറണം. തൊഴിൽ രഹിതരുടെ രജിസ്ട്രേഷൻ അസാധു ആകുന്നതുവരെ നിലയിൽ മാറിക്കൂടാ ഈ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നു പറയുന്നത്. ഇപ്പോൾ കണക്കുകൾ തന്നെ വ്യക്തമാക്കുന്നത് 1999-ൽ 23,419 ആളുകൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി തൊഴിൽ നൽകിയെങ്കിൽ അത് 2001 -ൽ 15,750-ഉം 2002-ൽ 9559 ആയിട്ട് കുറഞ്ഞിട്ടുണ്ട്. ഇത് കുറയുന്നതു കൊണ്ടുകൂടിയാണ് എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കുന്നതിന് തൊഴിൽ രഹിതർക്ക് വലിയ താൽപര്യം ഉണ്ടാകാത്തത്. അതുകൊണ്ട് ഇവരെയെല്ലാം അയോഗ്യരായി കൽപ്പിച്ച് ഒഴിവാക്കുകയല്ല, മറിച്ച് ഒഴിവുകൾ നിർബന്ധമായും പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇല്ലെങ്കിൽ എംപ്ലോയ്മെന്റു വഴി മാത്രമേ നികത്തുകയുള്ളു എന്ന കർശനമായ നിലപാട് സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ബാബു ദിവാകരൻ : സർ, Compulsory Notification of Vacancies Act -അനുസരിച്ച് അങ്ങനെയേ ചെയ്യാൻ പാടുള്ളു എന്നാണ്. പക്ഷേ പലപ്പോഴും അല്ലാതെ നിയമനം നടത്തുന്നുണ്ട്. ഞങ്ങൾ കുറേക്കൂടി കർശനമായി ഇപ്പോൾ അത് പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

ശ്രീ. കെ. ബി. ഗണേഷ്കുമാർ : സർ, ഇത്രയധികം തൊഴിൽ രഹിതർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കാർഡ് പുതുക്കുന്നതിനു വേണ്ടി ഒരു ദിവസം മുഴുവൻ കാത്തു നിൽക്കേണ്ട അവസ്ഥയാണ്. ബഹുമാനപ്പെട്ട മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ചോദ്യത്തിനു മറുപടിയായി പറഞ്ഞത് ഈ വർഷം തിരുവനന്തപുരത്ത് കംപ്യൂട്ടറൈസേഷൻ പൂർത്തിയാകും. അടുത്ത വർഷം കൊല്ലത്ത് പൂർത്തിയാകും എന്നാണ്. അങ്ങനെ ഓരോ വർഷം ഓരോ ജില്ലയിലായിട്ട് പൂർത്തിയാക്കി വന്നാൽ ഏതാണ്ട് ആലപ്പുഴ എത്തുമ്പോഴേയ്ക്ക് കംപ്യൂട്ടറിന്റെ സിസ്റ്റം തന്നെ ഔട്ട് ഡേറ്റഡ് ആകും. അതുകൊണ്ട് ഒറ്റയടിക്ക് കേരളം മുഴുവൻ കംപ്യൂട്ടറൈസ് ചെയ്യാനുള്ള പദ്ധതിക്ക് രൂപം നൽകാൻ ഗവൺമെന്റിന് കഴിയുമോ ?

ശ്രീ. ബാബു ദിവാകരൻ : സർ, അതിന്റെ സോഫ്റ്റ് വെയർ ഡവലപ്മെന്റും മറ്റ് കാര്യങ്ങളുമെല്ലാം പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് അടുത്ത ജില്ലകളിലേയ്ക്ക് പെട്ടെന്ന് വ്യാപിപ്പിക്കാൻ കഴിയും. പക്ഷേ സാമ്പത്തികമായ പരിമിതിയാണ് ഇതിലെ ഒരു പ്രധാന കാരണം. ഈ വർഷം തന്നെ കഷ്ടിച്ച് ഒരു കോടി രൂപയാണ് ലഭിച്ചിട്ടുള്ളത്. പണം ലഭ്യമാണെങ്കിൽ ചെയ്യാവുന്നതേയുള്ളു.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഇന്റർവ്യൂവിന് വിളിക്കുന്നവരുടെ സീനിയോരിറ്റിയെക്കുറിച്ച് പലർക്കും അഭിപ്രായ വ്യത്യാസങ്ങളും സംശയങ്ങളുമുണ്ട്. വിളിച്ചതിനു ശേഷമാണ് തങ്ങളേക്കാൾ ജൂനിയറായിട്ടുള്ള പലരേയും വിളിക്കുന്നതായിട്ട് അറിയുന്നത്. പക്ഷേ ഉദ്യോഗസ്ഥരോടുള്ള ഭയം കാരണം, (പിന്നീടുള്ള ഇന്റർവ്യൂവിന് തങ്ങളുടെ പേരുകൾ മാറ്റി വയ്ക്കും എന്നുള്ള ഭയം കാരണം അതുമാത്രമല്ല അന്വേഷിക്കുന്നതിനുള്ള പ്രയാസങ്ങൾ ഉള്ളതുകൊണ്ട്) പലരും ചോദിക്കുന്നില്ല. അതുകൊണ്ട് സീനിയോരിറ്റിയെക്കുറിച്ച് സംശയമുണ്ടാകുമ്പോൾ തങ്ങളുടെ രേഖകൾ പരിശോധിക്കാനുള്ള ഒരു സൗകര്യമായ സംവിധാനം അവിടെ ഉണ്ടാക്കിയെടുക്കാൻ സാധിക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : സർ, അങ്ങനെ സീനിയോരിറ്റി മറികടന്ന് കാർഡുകൾ അയയ്ക്കുന്നതായി പരാതി ലഭിച്ചാൽ അതിന് ഉദ്യോഗാർത്ഥികൾ ഭയക്കേണ്ട കാര്യമൊന്നുമില്ല. അങ്ങനെ വന്നാൽ അതു പരിശോധിക്കാനുള്ള സംവിധാനമുണ്ട്. എന്തെങ്കിലും കൃത്യവിലോപം നടന്നുവെന്ന് കണ്ടാൽ അതിനുത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ ശക്തമായ നടപടികൾ സ്വീകരിക്കും.

ശ്രീ. എ. കെ. ബാലൻ : സർ, സമഗ്രമായ ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യകതയിലേയ്ക്കാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഇപ്പോൾ ഇനി ഗവൺമെന്റു സ്ഥാപനങ്ങളിലേക്കോ പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്കോ ആൾക്കാരെ വേണ്ടി വരില്ല. അത് ഇല്ലാതാവുകയാണ്. അപ്പോൾ സ്വാഭാവികമായും സ്വകാര്യമേഖലയിലാണ് ഇനി ആവശ്യമായിട്ട് വരിക. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങളിലേക്ക് ആവശ്യമായുള്ള ഉദ്യോഗാർത്ഥികളെ കൊടുക്കുന്നതിനു വേണ്ടി ഇന്നത്തെ സംവിധാനത്തിനു കഴിയില്ല. ഒരു നിയമ നിർമ്മാണം അതിനാവശ്യമാണ്. ഇപ്പോൾ സ്വകാര്യ എംപ്ലോയ്മെന്റുകൾ രൂപംകൊള്ളുകയാണ്. പുതുശ്ശേരി മേഖലകളിൽ സ്വകാര്യ വ്യക്തികൾ നടത്തുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുണ്ട്. അവിടെ ആളുകളുടെ പേര് രജിസ്റ്റർ ചെയ്യും. ഇവർ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ സ്ഥാപനങ്ങളിലേയ്ക്ക് കൊടുക്കുകയാണ്. വലിയ ചൂഷണമാണ് നടക്കുന്നത്. അത് ഒഴിവാക്കുന്നതിനു വേണ്ടി നിയമ നിർമ്മാണം ആവശ്യമാണ്. ഇതിന് ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കുമോ ? അതുപോലെ തന്നെ ആർ.ഐ.സി. കൂടി അതിന്റെ ഭാഗമാണോ എന്ന്.....

ശ്രീ. ബാബു ദിവാകരൻ : സർ, ഇതൊരു കേന്ദ്ര നിയമമാണ്. Compulsory Employment Act-ഉം അതുപോലെ തന്നെ Compulsory Notification of Vacancies Act-ഉം കേന്ദ്ര നിയമങ്ങളാണ്. അടുത്ത കാലത്തുണ്ടായിട്ടുള്ള സുപ്രീം കോടതി വിധി ഇതിനെ കൂടുതൽ dilute ചെയ്തിരിക്കയാണ്. എംപ്ലോയ്മെന്റുകളിൽ നിന്നു മാത്രമായി വിളിച്ചുകൊള്ളണമെന്നില്ല എന്നാണ് സുപ്രീം കോടതിയുടെ ലേറ്റസ്റ്റ് ആയിട്ടുള്ള ഒരു വിധി വന്നിട്ടുള്ളത്. ഇതിന്റെ വെളിച്ചത്തിൽ നിയമ നിർമ്മാണം നടത്തേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. പിന്നെ സ്വകാര്യ മേഖലയിൽ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുമ്പോൾ സ്വകാര്യ മേഖലയ്ക്കുള്ള സ്വാതന്ത്ര്യമുണ്ട്. Compulsory Notification of Vacancies Act-ന്റെ പരിധിയിലാണ് സ്വകാര്യസ്ഥാപനങ്ങളെ പെടുത്തിയിരിക്കുന്നതെങ്കിലും അത് ശക്തമായി നടപ്പിലാക്കിയിട്ടില്ല. പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല. ഇത് വളരെ ഗൗരവമായി പരിശോധിക്കാവുന്നതാണ്.

ശ്രീ. എ. എ. അസീസ് : രജിസ്ട്രേഷൻ പുതുക്കുന്നതിന് ഇപ്പോൾ തൊഴിൽ രഹിതർ അനുഭവിച്ചുവരുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് (N.E.S. ബ്ലോക്കുകൾ വിവിധ ഡിപ്പാർട്ടുമെന്റുകളെ കോ-ഓർഡിനേറ്റ് ചെയ്ത് പ്രവർത്തിക്കുന്നതാണ്. ഉദാഹരണത്തിന് വ്യവസായ വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾ ഇതിന്റെയെല്ലാം സെല്ലുകൾ ബ്ലോക്ക് ഓഫീസിൽ പ്രവർത്തിക്കുന്നുണ്ട്.) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ഒരു സെൽ ബ്ലോക്ക് ഓഫിസുകളിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ.

ശ്രീ. ബാബു ദിവാകരൻ : എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷനും പുതുക്കലും ഉണ്ട്, പുതുക്കലിന്റെ പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് ഞാൻ മറ്റൊരു നിർദ്ദേശം മുന്നിൽ വച്ചിട്ടുണ്ട്. ഇപ്പോൾ മൂന്നു വർഷത്തിലൊരിക്കലാണ് പുതുക്കുന്നത്. മൂന്നു വർഷത്തിൽ ഒരിക്കൽ പുതുക്കുന്നതിൽ വലിയ പ്രസക്തിയില്ല. അതുകൊണ്ട് ഒരു അഞ്ചുവർഷം എങ്കിലും ആക്കാനായിട്ട് ഞാൻ ഇപ്പോൾ ഒരു നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ സെല്ലുകൾ പരിശോധിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഇതിന്റെ രേഖകളും മറ്റുമൊക്കെ സൂക്ഷിക്കുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ആണ്. ഈ പുതുക്കൽ വരുമ്പോൾ ഇതിന്റെ റെക്കോഡുകൾ ഒക്കെ പരിശോധിച്ച് വേണം പുതുക്കാൻ, അപ്പോൾ ഇത് സെല്ലിൽ മാത്രമായിട്ട് പുതുക്കാൻ കഴിയുമോയെന്നുള്ളത് പരിശോധിക്കാം.

ശ്രീ. തോമസ് ചാഴികാടൻ : സർ, ഇപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുന്നത് സർക്കാർ ജോലിയില്ലാത്ത ആളുകൾക്ക് വേണ്ടി മാത്രമാണ്. യഥാർത്ഥത്തിൽ രജിസ്റ്റർ ചെയ്യുന്ന നല്ല ശതമാനം ആളുകൾ സ്വകാര്യ സ്ഥാപനങ്ങളിലും കടകളിലുമൊക്കെ ജോലിയുള്ളവരാണ്. അവർ

LIBRARY ARCHIVES Kerala Legislative Assembly

അൺ-എംപ്ലോയ്മെന്റ് വേതനം വാങ്ങുന്നുമുണ്ട്. അതുകൊണ്ട് മറ്റ് ജോലിയുള്ളവർക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യാം എന്നുള്ള സാഹചര്യത്തിന് മാറ്റം വരുത്താൻ ശ്രദ്ധിക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : അതാണ് സർ ഞാൻ മുൻപ് ഇവിടെ പറഞ്ഞു, ഇതിൽ ഒരു പരിശോധന ആവശ്യമാണ്. നിലനിൽക്കാൻവേണ്ടി രജിസ്റ്റർ ചെയ്തുവരുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. അതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. കെ. സി. വേണുഗോപാൽ : ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഒരുപാട് കള്ളത്തരങ്ങൾ ഈ രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് തൊഴിൽ ഇല്ലാത്ത ആളുകളുടെ എണ്ണം വളരെ പെരുപ്പിച്ച് കാണിക്കുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. അതു മാത്രമല്ല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ക്രമക്കേടുകളെ സംബന്ധിച്ചും വ്യാപകമായ ആക്ഷേപമുണ്ട്. ഇത് പരിഹരിക്കാൻവേണ്ടി ജില്ലാതലത്തിൽ യുവജനങ്ങളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു അഡ്വൈസറി കമ്മിറ്റി എന്ന ആശയം രൂപപ്പെട്ടിട്ടുണ്ട്. പക്ഷെ ഫലപ്രദമായി എവിടേയും പ്രവർത്തിക്കുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ആ കമ്മിറ്റിക്ക് കുറച്ച് അധികാരം നൽകി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ക്രമക്കേടുകളെ സംബന്ധിച്ച് പരിശോധിക്കാൻ പ്രത്യേക സംവിധാനമുണ്ടാക്കുമോ ; അതിന് പ്രത്യേകമായ അധികാരം നൽകുമോ ?

ശ്രീ. ബാബു ദിവാകരൻ : എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കേന്ദ്രീകരിച്ചിട്ടുള്ള അഡ്വൈസറി കമ്മിറ്റി ഉടൻ തന്നെ പുനഃസംഘടിപ്പിച്ച് അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതാണ്.

ശ്രീ. പി. ജയരാജൻ : സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഒഴിവുകൾ നിർബന്ധപൂർവം പരസ്യപ്പെടുത്തുന്നത് സംബന്ധിച്ച് 1959-ലെ ആക്ടിൽ വ്യക്തമായിട്ടുള്ള വ്യവസ്ഥയുണ്ട്. ഒഴിവുകളെപ്പറ്റി ത്രൈമാസ കണക്കുകൾ കൊടുക്കണം. അതുപോലെ തന്നെ ദൈവാർഷിക കണക്കുകൾ കൊടുക്കണം. കണ്ണൂരിൽ ജില്ലാ വികസനസമിതി യോഗം ചേർന്നപ്പോൾ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ ആ യോഗത്തിൽ റിപ്പോർട്ട് ചെയ്തത് വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ ഈ നിയമപ്രകാരം പാലിക്കേണ്ട ബാദ്ധ്യതകൾ പാലിക്കാതെ ഈ കണക്കുകൾ കൊടുക്കുന്നില്ലെന്നാണ്. വിദ്യാഭ്യാസ വകുപ്പിൽ നിന്നാണ് ഒറ്റ ഒഴിവുപോലും റിപ്പോർട്ട് ചെയ്യാതിരിക്കുന്നത് എന്നാണ് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ അവിടെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. X X X X

.....ബഹളം).....

അതുകൊണ്ട് വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഒഴിവുകൾ എംപ്ലോയ്മെന്റ് ഓഫീസിൽ അറിയിക്കാത്തതു സംബന്ധിച്ച്.....

X X X X X സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മി.സ്പീക്കർ : വാസ്തവത്തിൽ അത് ശരിയായില്ല. അത് രേഖയിൽ കാണില്ല. അത് ചിലരുടെ സ്വഭാവമാണ്. മാറ്റാനും പറ്റില്ല. അത് രേഖയിൽ കാണില്ല.

ശ്രീ. പി. ജയരാജൻ : സർ, വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തത് സംബന്ധിച്ച് അന്വേഷിക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : സർ, ചോദ്യോത്തര വേളയിലെങ്കിലും ഇതുപോലുള്ള രാഷ്ട്രീയം ഒഴിവാക്കണം.

മി.സ്പീക്കർ : അതൊന്നും രേഖയിൽ കാണില്ല. അത് ഒഴിവാക്കേണ്ടതാണ്. ഞൻ നിരന്തരമായിട്ട് പറയുകയല്ലേ, എന്നാലും കേൾക്കില്ലായെന്ന് വച്ചാൽ, ചിലരുടെ സ്വ ാവമാണ്. എന്നേ പറയാൻ ഒക്കൂ.

ശ്രീ. ബാബു ദിവാകരൻ : പിന്നെ എന്താണ് അങ്ങ് ചോദിച്ചതെന്ന് ഞാൻ കേട്ടില്ല, അതുമാത്രമേ കേട്ടുള്ളൂ.

ശ്രീ. പി. ജയരാജൻ : വിദ്യാഭ്യാസ വകുപ്പിൽ നിന്നാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തത്, അത് പ്രത്യേകമായി അന്വേഷിക്കുമോ ?

ശ്രീ ബാബു ദിവാകരൻ : Compulsory Notification of Vacancies Act പ്രകാരം എല്ലാ വകുപ്പു മേധാവികളും കാലാകാലങ്ങളിൽ അവിടെയുണ്ടാകുന്ന വേക്കൻസികൾ റിപ്പോർട്ട് ചെയ്യണമെന്നാണ്, പല വകുപ്പിലും അത് ചെയ്യുന്നില്ല. കാലാകാലങ്ങളായി പല ഉദ്യോഗസ്ഥൻമാരും ഇത് ചെയ്യുന്നില്ല. ഇത് കൂടുതൽ കർശനമാക്കുന്നതാണ്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : ചില സംസ്ഥാനങ്ങൾ രജിസ്ട്രേഷൻ പുതുക്കുവാൻ വീഴ്ച വരുത്തുന്ന ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നും റിമമ്പറൻസ് കാർഡ് അയയ്ക്കാറുണ്ട്. വളരെ നല്ല ഒരു നടപടിക്രമമാണ്. അത് കേരളത്തിലും പ്രാവർത്തികമാക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ?

ശ്രീ. ബാബു ദിവാകരൻ: അത് പരിശോധിക്കാവുന്നതാണ്.

ശ്രീ. എ. സുജനപാൽ: എതാണ്ട് രണ്ട് ആഴ്ച മുൻപ് കൊച്ചിൻ ഷിപ്പിയാർഡിൽ ഒരു ഇന്റർവ്യൂ നടന്നു സർ, വികലാംഗരെയാണ് വിളിച്ചത് കയറ്റുമതി ജോലിയാണെന്ന് പറഞ്ഞ് അവർക്ക് ഇന്റർവ്യൂ നടത്താതെ അവരെ തിരിച്ചയക്കുകയാണ് ചെയ്തത്. വളരെ ഗുരുതരമായിട്ടുള്ള സമീപനമാണ്. ഇതു സംബന്ധിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഇതിനെക്കുറിച്ച അന്വേഷിക്കുമോ? ഉത്തരവാദപ്പെട്ടവരുടെ പേരിൽ നടപടി സ്വീകരിക്കുമോ ? ഇത് ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : മാനേജ്മെന്റുകൾ അവരുടെ ആവശ്യത്തിന് അനുസരിച്ചുള്ള പ്രത്യേക പ്രൊഫോർമ അനുസരിച്ചാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഉദ്യോഗാർത്ഥികളുടെ ആവശ്യമായ ലിസ്റ്റ് ചോദിക്കാറുള്ളത്. അത് അനുസരിച്ചാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് കൊടുക്കുന്നത്. ഇങ്ങനെ ഒരു കാര്യം എന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. വന്നാൽ അത് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം : സർ, ഇത് പാവംപിടിച്ച ഒരു വീട്ടമ്മയുടെ കത്താണ്.

മി. സ്പീക്കർ : അത് വായിക്കണ്ട, ചോദ്യം ഉണ്ടെങ്കിൽ ചോദിച്ചാൽ മതി.

ശ്രീ. ബിനോയ് വിശ്വം : സർ, കത്ത് വായിക്കുന്നില്ല, അവർ 30 കൊല്ലമായി രജിസ്റ്റർ ചെയ്തിട്ട്, ഇന്നേ തീയതിവരെ ഒറ്റ ഇന്റർവ്യൂവിന് പോലും വിളിച്ചിട്ടില്ല. പത്തു കൊല്ലമെങ്കിലും ആയിട്ട് കാത്തിരിക്കുന്നവരെ വിളിക്കാനുള്ള നടപടി ഉണ്ടാകുമോ എന്നാണ് അറിയേണ്ടത്. (ബഹളം)

മി. സ്പീക്കർ : ഓർഡർ, ഓർഡർ.....

ശ്രീ. ബിനോയ് വിശ്വം : ചോദ്യം ചോദിക്കാനുള്ള അവകാശമുണ്ട്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗം ഒരു ചോദ്യം ചോദിക്കുന്നതിന് ബഹളം ഉണ്ടാക്കുന്നത് എന്തിനാണ് ?

ശ്രീ. ബാബു ദിവാകരൻ : ബിനോയ് വിശ്വം പറഞ്ഞത് 13 വർഷത്തെ കാര്യമാണ്. നിത്യവും എന്റെ ഓഫിസിൽ എന്നെ കാണാൻ വരുന്നവരിൽ 28 വർഷവും 29 വർഷവും 30 വർഷവും ഒക്കെയായിട്ട് ഇതുവരെ ഒരു കാർഡ് കിട്ടാത്ത ഉദ്യോഗാർത്ഥികൾ നിരവധിയുണ്ട്. ഇതിനകത്തെ ബുദ്ധിമുട്ട്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് ആവശ്യപ്പെട്ടുവരുന്ന വേക്കൻസികളുടെ എണ്ണം വളരെ പരിമിതമാണ്. ഒരു വർഷം പരമാവധി നമ്മൾ അങ്ങോട്ട് അയയ്ക്കുന്നത് പതിനായിരം അല്ലെങ്കിൽ പതിനായിരത്തിന് താഴെയാണ്. മുപ്പത്തിയാറു ലക്ഷം, നാൽപ്പത് ലക്ഷം രജിസ്റ്റർ ചെയ്യുന്നിടത്ത് ഒരു വർഷം പതിനായിരം പേർക്ക് കാർഡ് അയച്ചാൽ എത്ര പേർക്ക് കാർഡ് അയയ്ക്കാൻ ആകും? ഇതാണ് ഇതിന്റെ വസ്തുത, അതുകൊണ്ട് നമുക്ക് ഇപ്പോൾ ഈ വർഷം വരെ ആയവർക്ക് കാർഡ് അയക്കണം, എന്നുപറഞ്ഞാൽ അങ്ങനെ അയയ്ക്കാൻ പറ്റില്ല. ഇതിന് ഒരു സീനിയോറിറ്റി ലിസ്റ്റ് ഉണ്ട്. ഇപ്പോൾ നിൽക്കുന്നത് അനുസരിച്ചാണെങ്കിൽ 1971-ലും 72-ലും രജിസ്റ്റർ ചെയ്തവരെയാണ് ലാസ്റ്റ് ഗ്രേഡ് ആയിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും അയച്ചു കൊണ്ടിരിക്കുന്നത്. അപ്പോൾ എത്ര വർഷമായി എന്ന് ആലോചിച്ചു നോക്കൂ. 1971-ലും 72-ലും രജിസ്റ്റർ ചെയ്ത എസ്.സി./എസ്.ടി വിഭാഗത്തിൽപ്പെടുന്നവരുടെ കാർഡാണ് ഈ വർഷങ്ങളിൽ പോയിക്കൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ : ഇതിന് പ്രധാന കാരണം, സ്വന്തമായി തൊഴിൽ ചെയ്യുന്നവരും അല്ലെങ്കിൽ ഏതെങ്കിലും സ്വകാര്യ സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുന്നവരുമെല്ലാം ഏതെങ്കിലും സർക്കാർ ഉദ്യോഗം കിട്ടുമെന്ന് പറഞ്ഞ് പേർ രജിസ്റ്റർ ചെയ്യുന്നുണ്ട്. 25 കൊല്ലം കഴിഞ്ഞ ലിസ്റ്റുവരെ അയക്കേണ്ടി വരുന്നതിന്റെ പ്രധാന കാരണം അതാണ്. അത് ഒന്ന് ഡിലീറ്റ് ചെയ്യാമെന്നുണ്ടെങ്കിൽ കുറേക്കൂടി സഹായകരമായിരിക്കും.

ശ്രീ. ബാബു ദിവാകരൻ : അങ്ങനെ ഒരു പരിശോധന നടത്തുന്നതിൽ ബന്ധപ്പെട്ട എല്ലാപേരും എതിരാണ്.ശക്തമായ പ്രതിഷേധം ഇക്കാര്യത്തിൽ ഉണ്ടാകുമെന്നുള്ളതുകൊണ്ട് നമ്മൾ ഇപ്പോൾ ആലോചിക്കാതിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഉണ്ണിയാടൻ : എന്റെ ചോദ്യം പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെക്കുറിച്ച് മാത്രമാണ്. പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടിയുള്ള അടിസ്ഥാനയോഗ്യത എന്താണെന്നും ഇപ്പോൾ എത്രപേർ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ള എത്രപേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട് എന്നുമുള്ളത് അറിയാമോ ?

ശ്രീ. ബാബു ദിവാകരൻ : സർ, ഇപ്പോൾ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ എഞ്ചിനീയറിംഗ് ഡിപ്ലോമാ ഹോൾഡേഴ്സ് - നാൽപ്പത്തീരായിരം, ഐ.ടി.ഐ. ഹോൾഡേഴ്സ് ഒരു ലക്ഷത്തി ഇരുപത്തീരായിരം, എഞ്ചിനിയേഴ്സ് - 2775, ഡോക്ടേഴ്സ് 3851, അഗ്രികൾച്ചറൽ ഗ്രാഡ്വേറ്റ്സ് - 979, വെറ്റിനറി സയൻസ് 486-ഉം ഉണ്ട്. അവരുടെ ഡീറ്റെയിൽസ് പൂർണമായും കമ്പ്യൂട്ടർവൽക്കരിച്ചുകഴിഞ്ഞു. പ്രൊഫഷണൽ എംപ്ലോയ്മെന്റ് കാരുടെ എല്ലാംകൂടെ ചേർത്ത ഒരു റിപ്പോർട്ടിനെക്കുറിച്ചാണ് നമ്മൾ ഇപ്പോൾ ആലോചിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് അവയലബിൾ ആയിട്ടുള്ള മുഴുവൻ സ്കിൽഡ് വർക്കേഴ്സിന്റെയും ഒരുരേഖ ആർക്കും പരിശോധിക്കത്തക്ക നിലയിൽ ശേഖരിക്കുന്നതാണ്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, ഈ അടുത്തകാലത്ത് മന്ത്രിയുടെ ഒരു പ്രസ്താവനയുണ്ടായിരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നിർത്തലാക്കാൻ പോകുന്നു എന്ന്. വളരെയധികം ഞെട്ടൽ ഉണ്ടാക്കിയ വാർത്തയായിരുന്നു. അത് എനിക്ക് ചോദിക്കാനുള്ളത്, സ്ഥിതമായി ബാക്ക്ലോഗ് കൂടുന്നതിനെക്കുറിച്ച് അങ്ങും ഒരു അഭിപ്രായം പറഞ്ഞു, ഈ ബാക്ക്ലോഗ് പത്താം പഞ്ചവൽസര പദ്ധതിക്കാലത്ത് എത്ര ശതമാനം കുറയ്ക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ?

ശ്രീ. ബാബു ദിവാകരൻ : ശ്രീ. ബിനോയ് വിശ്വത്തിന്റെ ചോദ്യത്തിന്റെ മറുപടി ചർച്ചയിലാണ് ഞാൻ ഇത് പറഞ്ഞത്. ഇങ്ങനെ ഒരു സംവിധാനം നിലനിൽക്കുന്നതുകൊണ്ട് നമ്മൾ പ്രതീക്ഷിക്കുന്ന നിലയിലുള്ള പ്രയോജനം ലഭിക്കുന്നില്ല നിർത്തലാക്കുന്നു എന്ന് ഞാൻ പറഞ്ഞില്ല. പ്രതീക്ഷിക്കുന്ന പ്രയോജനം ലഭിക്കുന്നില്ല എന്നാണ്. ഇവിടെയാണ് ബഹുമാനപ്പെട്ട ബാബു ഇവിടെ ചോദിച്ചു എന്നുപറഞ്ഞത്. അതായത് നമ്മുടെ സംസ്ഥാനത്ത് ലാസ്റ്റ് ഗ്രേഡ് എംപ്ലോയ്മെന്റ് എങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നടത്താൻ കഴിയുകയില്ലേ ? പബ്ലിക് സർവീസ് കമ്മിഷൻ നടത്തുന്നതിനേക്കാൾ ഫുൾ പ്രൂഫ് ആയിട്ടാണ് ഈ സംവിധാനങ്ങൾ ഇവിടെ നടക്കുന്നത്. അതും സർക്കാർ ജീവനക്കാർ തന്നെയാണ് ചെയ്യുന്നത്. ഇതിനുള്ള എല്ലാ സംവിധാനവും ഇവിടെയുണ്ട്. ലാസ്റ്റ് ഗ്രേഡ് സർവീസ് എങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന പബ്ലിക് സർവീസ് കമ്മിഷനിൽ ആണെങ്കിൽ ലാസ്റ്റ് ഗ്രേഡിന്റെ ലിസ്റ്റ് വരുന്നത് അഞ്ചു വർഷം പത്തു വർഷം കൂടുമ്പോൾ ആണ്. നമുക്ക് ആണെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് ഓരോ വർഷവും ആവശ്യമുള്ള ഒഴിവുകൾ നികത്താൻ കഴിയും. അത് ഗവൺമെന്റ് ആലോചിക്കണമെന്നുള്ളതാണ് എന്റേയും അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, സംസ്ഥാനത്തെ സഹകരണ യൂണിയനുകളിൽനിന്നും സഹകരണ ട്രെയിനിംഗ് കഴിഞ്ഞുവരുന്നവരുടെ പേര് രജിസ്റ്റർ ചെയ്യുന്നതിനുള്ള എംപ്ലോയ്മെന്റ് ബ്യൂറോ ഉണ്ടായിരുന്നത് 2 മാസം മുമ്പ് ഒരു സർക്കാർ ഉത്തരവിലൂടെ നിർത്തുകയുണ്ടായി. അവിടെ രജിസ്റ്റർ ചെയ്തിരുന്നവരുടേയും ട്രെയിനിംഗ് കഴിഞ്ഞിട്ട് രജിസ്റ്റർ ചെയ്യാതിരുന്നവരുടേയും കാര്യത്തിൽ ഇനി എന്ത് നടപടിയാണ് സ്വീകരിക്കുന്നത് ?

ശ്രീ. ബാബു ദിവാകരൻ : എന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. അത് പരിശോധിച്ച് വേണ്ടത് ചെയ്യാം.

ശ്രീ. എം. എ. വാഹീദ് : സർ, കഴക്കൂട്ടത്ത് ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുണ്ട്. അവിടെ കാർഡ് പുതുക്കുന്നതിന് സാങ്കേതികമായി ഒരുപാട് ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. തിരുവനന്തപുരം താലൂക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ വളരെ തിരക്കുള്ളതുകൊണ്ടാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അതു രണ്ടായി Bifurcate ചെയ്ത് Rural Employment Exchange ഉള്ളൂർ എന്ന പേരിൽ സ്ഥാപിച്ചത്. ഇത് കിടക്കുന്നത് കഴക്കൂട്ടത്താണ്. എഴുത്തുകുത്തുകൾ നടക്കുമ്പോൾ ചിലർ ഉള്ളൂർ എന്നും ചിലർ കഴക്കൂട്ടമെന്നും എഴുതുന്നതുകൊണ്ട് വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. അത് മാത്രമല്ല, കഴക്കൂട്ടം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പരിധിയിൽ 5 പഞ്ചായത്തുകളാണ് വരുന്നത്. അവിടെനിന്നും കാർഡ് അയയ്ക്കുന്നതും കിട്ടുന്നതും വളരെ ചുരുക്കമാണ്. ഏറ്റവും കൂടുതൽ തൊഴിൽ ലഭ്യമാകുന്നത് നഗരത്തിലാണ്. ഇത് കഴക്കൂട്ടത്തിന്റെ പരിധിയിൽപ്പെടുന്നില്ല. ഇതിന്റെ പേര് മാറ്റി കഴക്കൂട്ടം Employment Exchange എന്നാക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ? കഴക്കൂട്ടം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും തിരുവനന്തപുരം സിറ്റിയിലേക്കുള്ള ഒഴിവുകളിലേക്കുകൂടി ഉദ്യോഗാർത്ഥികൾക്ക് കാർഡ് അയപ്പിക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : ഇത് സാങ്കേതികമായ പ്രശ്നമാണ്. ഇത് Rural Employment Exchange ആണ്. ഉള്ളൂർ റൂറലല്ല. സിറ്റിയുടെ നടുവിലാണ്. അതുകൊണ്ടാണ് ഉള്ളൂരിൽനിന്നും കൊണ്ടുപോയത്. ഇപ്പോൾ അത് വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആ കെട്ടിടം ഒഴിഞ്ഞു കൊടുക്കണമെന്നുള്ള ശക്തമായ സമ്മർദ്ദത്തെത്തുടർന്ന് അവിടെ നിന്നും ഷിഫ്റ്റ് ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. അതു ഷിഫ്റ്റ് ചെയ്യുന്ന സ്ഥലത്തിന്റെ പേര് കൊടുക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കും.

മി. സ്പീക്കർ : കഴക്കൂട്ടത്ത് സ്ഥലം കൊടുക്ക്.

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, തൊഴിലില്ലാത്തവരെ നിർണ്ണയിക്കുന്നതിനുള്ള ആധികാരിക രേഖയായി നമ്മൾ പരിഗണിക്കുന്നത് പലപ്പോഴും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരെയാണ്. ഇത് യഥാർത്ഥത്തിൽ നമ്മുടെ ഗ്രാമീണ മേഖലയിലെ തൊഴിലില്ലാത്തവരുടെ ചിത്രം പ്രതിഫലിപ്പിക്കാൻ സഹായകരമല്ല. തൊഴിലില്ലാത്തവരെ നിർണ്ണയിക്കുന്നതിനുവേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തതുമായി ബന്ധപ്പെടുത്തി ഒരു സമഗ്രമായ സർവേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതിനുള്ള നിലപാട് ഗവൺമെന്റ് സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ : ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ പ്രസക്തമായിട്ടുള്ള ഒരു കാര്യമാണ്. രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ യഥാർത്ഥത്തിൽ തൊഴിലില്ലാത്തവരുടെ ചിത്രമല്ല നമ്മുടെ കൈയിലുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു സർവേ നടത്തി ആ ലിസ്റ്റ് വെരിഫൈ ചെയ്യുന്നതിനും യഥാർത്ഥ തൊഴിലില്ലാത്തവരുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനും ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. ടി. യു. രാധാകൃഷ്ണൻ : സർ, സർക്കാർ സർവീസിൽ വികലാംഗർക്ക് 3 ശതമാനം ജോലി നീക്കി വയ്ക്കുമെന്ന ഒരു നിയമം നിലവിലുണ്ട്. വികലാംഗരെ ഇതിന് തെരഞ്ഞെടുക്കുന്നത് സാദാ എംപ്ലോയ്മെന്റുകൾ വഴിയാണോ; വികലാംഗർക്കുവേണ്ടിയുള്ള പ്രത്യേക എംപ്ലോയ്മെന്റ് വഴിയാണോ ? ജില്ല തിരിച്ച് പ്രത്യേകം കൊടുക്കുന്നുണ്ടോ; സംസ്ഥാന ലെവലിലാണോ അതിന് സീനിയോറിറ്റി പരിഗണിക്കുന്നത് ?

ശ്രീ. ബാബു ദിവാകരൻ : ജില്ലാ തലത്തിലാണ് 3 ശതമാനമെന്ന മാനദണ്ഡം സ്വീകരിച്ചിട്ടുള്ളത്. ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള സമിതിയാണ് വികലാംഗർക്കുവേണ്ടിയുള്ള നിയമനം നടത്തേണ്ടത്. വികലാംഗ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും, അവ ഇല്ലാത്ത സ്ഥലങ്ങളിൽ മറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പ്രത്യേക സെല്ലുകളിൽനിന്നുമാണ് ഇതിനുള്ള ഉദ്യോഗാർത്ഥികളെ കണ്ടെത്തുന്നത്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ചൈനയിൽ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ കൊടുക്കുന്ന അന്നുതന്നെ ജോലി കിട്ടുന്ന തരത്തിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഗവൺമെന്റിന്റെ കീഴിൽത്തന്നെയുണ്ട്. ഐ.ടി.-യിലേക്കും മറ്റും വളരെ പ്രാധാന്യം കൊടുത്തുകൊണ്ട് നീങ്ങാൻ ഉദ്ദേശിക്കുന്ന ഈ സംസ്ഥാനം, മാത്രമല്ല ചൈനയുടെ മാതൃക പലപ്പോഴും സ്വീകരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ സംസ്ഥാനത്ത് ഒരു ജില്ലയിലെങ്കിലും സെൽഫ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നടപ്പിലാക്കാൻ അവശ്യമായിട്ടുള്ള സംവിധാനം സ്വീകരിക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : ബഹുമാനപ്പെട്ട ശ്രീമതി ടീച്ചർ ചൈനയിലെ കാര്യം ഇവിടെ പറഞ്ഞു. ഞാൻ ചൈനയിൽ പോയിട്ടില്ല. അവിടെ ഇങ്ങനെ ഒരു കാര്യം ഉണ്ടോ എന്നുള്ളതിനെക്കുറിച്ച് എനിക്ക് അറിയില്ല. അതിനെക്കുറിച്ച് വ്യക്തമായ നിർദ്ദേശം തന്നാൽ, ചൈന സന്ദർശിച്ചിട്ടുള്ള വ്യവസായ വകുപ്പുമന്ത്രിയോട് വേണമെങ്കിൽ ചോദിക്കാം. ഈ നിർദ്ദേശം പ്രത്യേക പരിഗണനയ്ക്ക് അർഹമാണ്. ഇതിന്റെ സാദ്ധ്യതകളെക്കുറിച്ച് പഠിക്കാം.